LIBRARY ARCHIVES Kerala Legislative Assembly

തിരമാലയിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം

62(2263) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരമാലയിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം ലക്ഷ്യമിട്ട തരത്തിൽ പ്രാവർത്തികമാക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇതുമായി ബന്ധപ്പെട്ട സാങ്കേതിക പൂർണ്ണത കൈവരിക്കേണ്ടതും വ്യാവസായികാടിസ്ഥാനത്തിൽ ഈ രീതിയിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സാധ്യത ഇനിയും അറിയേണ്ടതുമുണ്ട്.

ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന

63(2264) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന പദ്ധതി എന്നുമുതലാണ് ആരംഭിച്ചത്; എന്തെല്ലാം പദ്ധതി പ്രവർത്തനങ്ങളാണ് ആരംഭിച്ചത്; ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പദ്ധതി നടപ്പിലാക്കുന്നതിനുള്ള കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഓരോ വർഷവും ലഭിച്ച തുകയും ചെലവഴിച്ച തുകയും വിശദമാക്കുമോ ?

ഉത്തരം

(എ) 6-8-2015-ൽ നടന്ന കേന്ദ്ര ഊർജ്ജ മന്ത്രാലയ മോണിറ്ററിംഗ് കമ്മിറ്റിയിൽ കേരളത്തിന് ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജനയ്ക്ക് 485.37 കോടി രൂപയുടെ അംഗീകാരം ലഭിച്ചു. തുടർന്ന് 14 ജില്ലകളിലേക്കുമുള്ള വിശദ പദ്ധതിരേഖ തയ്യാറാക്കി റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻവഴി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സഹായം ലഭിച്ചിട്ടില്ല.